## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1690 | 01.11.2019 ലെ മറുപടിക്ക്

### തീരദേശ പരിപാലന നിയമലംഘനം

| ചോദ്യം | മറുപടി |
|---|---|
| ഡോ:എം.കെ.മുനീർ<br>ശ്രീ.പി.കെ.ബഷീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) 16.10.2019-ലെ സ.ഉ.(സാധാ)നം.98/2017/പരി., 17.10.2019-ലെ സ.ഉ.(സാധ)നം.101/2019/പരി. എന്നീ ഉത്തരവുകൾ പ്രകാരം തീരദേശപരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല. |
| (ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;<br>(സി) കെട്ടിടനിർമ്മാണ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്തുമോ? | (ബി) & (സി) അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിയ്ക്കുന്നതിനും തടയുന്നതിനും കെട്ടിട നിർമ്മാണങ്ങൾ ബന്ധപ്പെട്ട ആക്റ്റിന്റെയും ചട്ടങ്ങളുടെയും മറ്റു വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് നടക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരവും ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകൾ പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അതിനെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത നിർമ്മാണം സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികളിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ